LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഗ്രാന്റും

245 (2525) ശ്രീ. വി. പി. സജീന്ദ്രൻ
ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഗ്രാന്റും നൽകാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഗ്രാന്റും നൽകാൻ താഴെപ്പറയുന്ന കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

4. പ്രീ- മെട്രിക് തലം :- ബന്ധപ്പെട്ട സ്ഥാപനത്തിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം അതാത് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ സ്കോളർഷിപ്പ്/ ഗ്രാന്റ് തുക ഡിമാന്റ് ഡ്രാഫ്റ്റായി സ്ഥാപന മേധാവിക്ക് കൈമാറുകയും സ്ഥാപനമേധാവി തുക മാറി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു.

1. പോസ്റ്റ് മെട്രിക് തലം:- വിദ്യാഭ്യാസാനുകൂല്യ വിതരണത്തിന് ഇ-ഗ്രാന്റ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.
2. 2014-15 അദ്ധ്യയന വർഷം മുതൽ 1 മുതൽ 4 വരെയുള്ള വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിനായി പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി നടപ്പിലാക്കി.

3. IX മുതൽ XII വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് പദ്ധതി, IX, XII ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (കേന്ദ്രാവിഷ്കൃത പദ്ധതികൾ) എന്നിവയും ഡി.ബി.റ്റി.എസ്. മുഖേന നടപ്പാക്കി വരുന്നു.

4. അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നതും ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസാനുകൂല്യത്തിന് അർഹരല്ലാത്ത 2.50 ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് നൽകിവരുന്നു.

5. ഒന്നാം വർഷ എം.ബി.ബി.എസ്. കോഴ്സിനു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് (2014-15) അദ്ധ്യയനവർഷം മുതൽ ധനസഹായം.

6. ബി.ടെക്, എം.ടെക്, എം.സി.എ. കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നു.

7. ഒരു ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ള എം.ബി.ബി.എസ്/ബി.ഡി.എസ്/ബി.ടെക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രാരംഭ വിദ്യാഭ്യാസ ചെലവുകൾക്കുള്ള തുക അനുവദിക്കുന്നു.

8. വൃത്തിഹീന തൊഴിലിലേർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം (2013-14 വർഷം മുതൽ) ഡി.ബി.റ്റി.എസ്. മുഖേന നടപ്പാക്കി വരുന്നു.

9. അയ്യങ്കാളി ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് സ്കീം പ്രകാരം IV, VII ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ X-ാം ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്ക് 4500 രൂപ സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

10. എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി+-നു മുകളിൽ ഗ്രേഡ് ലഭിച്ച് +1 ന് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന കോച്ചിംഗിന് (വാർഷിക കുടുംബ വരുമാന പരിധി 4.50 ലക്ഷം രൂപ) ധനസഹായമായി 25,000 രൂപ വീതം (2 വർഷത്തേക്ക്) അനുവദിച്ചു വരുന്നു.

11. എസ്.എസ്.എൽ.സി. +2, ടി.ടി.സി., ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നതവിജയം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനമായി ക്യാഷ് അവാർഡ് നൽകിവരുന്നു.

12. ബുക്ക് ബാങ്ക് സ്കീം (50% CSS) പ്രകാരം പ്രൊഫഷണൽ കോഴ്സുകൾക്കു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കു വേണ്ട റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകിവരുന്നു.

(ബി&സി) പട്ടികജാതി വിഭാഗം വിദ്യാർത്ഥികളെ വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെ അവസരസമത്വം ലഭ്യമാക്കി ജീവിത നിലവാരമുയർത്തി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ ഭരണതലത്തിൽ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

പട്ടികജാതി കോളനികളുടെ സമഗ്ര വികസന പദ്ധതി

246 (2526) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി കോളനികളുടെ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കോളനികളിൽ വികസനം പൂർണ്ണമായും നടപ്പിലാക്കിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇനി ഏതെല്ലാം കോളനികളിൽ ഏതൊക്കെ വർഷങ്ങളിലെ പദ്ധതികളാണ് പൂർത്തിയാകാതെ അവശേഷിക്കുന്നതെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly